**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** **01-09-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ-കായികക്ഷേമ പദ്ധതികൾക്ക് അനുവദിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടത്തുന്ന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്കായി തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തുക അനുവദിക്കുന്നതിനായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള സാമൂഹ്യ സുക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തിക വർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിക്കൊണ്ട് സ.ഉ(സാധാ) നം.1209/2013/ തസ്വഭവ നമ്പർ തീയതി 06.05.2013 പ്രകാരവും, കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് സ.ഉ(സാധാ)നം.426/2019/തസ്വഭവ തീയതി 26.02.2019 പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെട്ടിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എത്ര തുകയാണ് കഴിഞ്ഞ 6 വർഷമായി ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കായിക വകുപ്പിനുകീഴിൽ നടക്കുന്ന പ്രോഗ്രാമുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തുക അനുവദിക്കുന്നതിന് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഈ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ളതെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ